# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3857 | 27.06.2012-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിൽ ചികിത്സാനിരക്കുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ :<br>ശ്രീമതി ഇ.എസ്.ബിജിമോൾ :<br>ശ്രീ.വി.ശശി :<br>,, ചിറ്റയം ഗോപകുമാർ : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സ്വകാര്യ ആശുപത്രികളിൽ ചികിത്സാ നിരക്കുകൾ നിശ്ചയിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഗവൺമെന്റ് നിശ്ചയിച്ച് നൽകിയിട്ടുള്ള ചികിത്സാ നിരക്കുകൾ എത്ര വീതമാണെന്ന് പറയാമോ ; | (എ) | സ്വകാര്യ ആശുപത്രികളിൽ ചികിത്സാ നിരക്കുകൾ നിശ്ചയിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | രോഗികളിൽ നിന്നും അമിത ചികിത്സാ നിരക്കുകൾ ഈടാക്കുന്നതായുള്ള പരാതികളുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരത്തിൽ നിരക്ക് ഈടാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ ; | (ബി) | നിലവിലെ വ്യവസ്ഥ അനുസരിച്ച് നടപടി സാദ്ധ്യമല്ല. ഇക്കാര്യത്തിൽ സർക്കാരിന് പരിമിതികളുണ്ട്. |
| (സി) | നഴ്സുമാരുടെയും മറ്റ് സ്വകാര്യ ആശുപത്രി ജീവനക്കാരുടെയും സേവന-വേതന വ്യവസ്ഥ പരിഷ്ക്കരണം മറയാക്കി ചികിത്സാ നിരക്കുകൾ യഥേഷ്ടം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ? | (സി) | ദി കേരളാ ക്ലീനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിലവിൽ വരുന്നതോടെ ചികിത്സാ നിരക്കുകളിൽ വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ